(ഇ) തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി തുക തിരിച്ച് പിടിക്കുന്നതാണ്. SNDP യോഗത്തിന് ഏറ്റവും ഒടുവിൽ നല്കിയ വായ്പയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ/ഉപജില്ലാ മാനേജർമാർ Field Verification നടത്തി വരുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

17 (*77) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട ഇതര പ്രദേശങ്ങളുടേയും ആസൂത്രിത വികസനത്തിനു വേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ വിവിധ പദ്ധതികൾ പ്രധാനമായും ശബരിമലയിലെത്തുന്ന അയ്യപ്പഭക്തൻമാരുടെ ദർശനത്തിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും താമസത്തിനുമുള്ള സൗകര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടത്തിയ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ശബരി പീഠം മുതൽ മരക്കൂട്ടം വരെയുള്ള കൃകോംപ്ലക്സുകളുടെ നിർമ്മാണം, ബെയ്ലി ബ്രിഡ്ജിന്റെ നിർമ്മാണം, ബെയ്ലി ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം, നിലയ്ക്കലിലെ നിലവിലുള്ള റോഡിന്റെ നവീകരണം, നിലയ്ക്കലിലെ വെഹിക്കിൾ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം, കടുവാത്തോട്ടിലെ ചെക്ക് ഡാമിന്റെ നിർമ്മാണം, നിലയ്ക്കലിലെ വാട്ടർ ടാങ്കിന്റെ നിർമ്മാണം, നിലയ്ക്കലിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണം, സ്വാമി അയ്യപ്പൻ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കിയ പ്രവൃത്തി, വിരിവെക്കുന്നതിന് കൂടുതൽ സ്ഥലം ലഭ്യമാക്കി ഇന്റർലോക്ക് ടൈൽ വിരിക്കൽ, മാളികപ്പുറം എലിവേറ്റഡ് അപ്രോച്ച്, മരക്കൂട്ടത്തിലെ അടിപ്പാത, നിലയ്ക്കലിലെ കഴൽക്കിണർ നിർമ്മാണം, മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള കൃകോംപ്ലക്സുകളുടെ നിർമ്മാണം, സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പയിലും സന്നിധാനത്തും ടോയിലറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 10000 വാഹനങ്ങൾ പാർക്ക് ചെയ്യാവുന്ന സ്ഥലം തുടങ്ങിയ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലയ്ക്കലിലെ റോഡുകളുടേയും പാർക്കിംഗ് ഏരിയകളുടേയും വിപുലീകരണവും പമ്പയിലെ റസ്റ്റോറന്റ് ബ്ലോക്ക് എന്നിവ പൂർത്തിയായി വരുന്നു.

(സി) 2050 വരെയുള്ള ആസൂത്രിത വികസന പദ്ധതികളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്നത്. മാസ്റ്റർപ്ലാനിൽ നിർദ്ദേശിക്കുന്ന പ്രകാരം മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയും ഹൈപവർ കമ്മിറ്റിക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയും ബന്ധപ്പെട്ട കൺസൾട്ടന്റ്മാരും കാലാകാലങ്ങളിൽ കൂടിയാണ് ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നത്.

**സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള കരാർ**

18 (*78) ശ്രീ. വി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ സർക്കാരുമായി എഗ്രിമെന്റ്വയ്ക്കാത്ത കോളേജുകൾക്ക് അംഗീകാരം നൽകാതിരിക്കലും നൽകിയിട്ടുള്ള സൗകര്യങ്ങൾ പിൻവലിക്കുന്നതുമുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് സഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly